"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട് ജില്ലയിലെ കുമ്പിടി ഉമ്മത്തൂർ എ ജെ ബി സ്കൂളിലെ പ്രഥമാദ്ധ്യാപകനായ ശ്രീ. വിജയകുമാർ. എം. കെ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത ഡബ്ള്യൂ. പി ( സി ) നം. 26891/2021- മേൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച 29/11/2021-ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2165/2022/GEDN തീയതി,തിരുവനന്തപുരം, 31-03-2022

---

പരാമർശം:-

1. പാലക്കാട് ജില്ലയിലെ കുമ്പിടി ഉമ്മത്തൂർ എ ജെ ബി സ്കൂളിലെ പ്രഥമാദ്ധ്യാപകനായ ശ്രീ. വിജയകുമാർ. എം. കെ യുടെ 19/11/2021 ലെ പുന:പരിശോധനാ ഹർജി(Ext.P8).
2. ബഹു. കേരള ഹൈക്കോടതിയുടെ 29/11/2021 ലെ ഡബ്ള്യൂ.പി ( സി ) നം No. 26891/2021 മേലുള്ള വിധിന്യായം.
3. തൃത്താല ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 04/03/2022-ലെ ഡി/3196/2021 നമ്പർ കത്ത്.
4. ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 07/03/2022-ലെ ബി4/5729/2021 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിലെ കുമ്പിടി ഉമ്മത്തൂർ എ ജെ ബി സ്കൂളിലെ പ്രഥമാദ്ധ്യാപകനായ ശ്രീ. വിജയകുമാർ. എം. കെ ഫയൽ ചെയ്ത ഡബ്ള്യൂ. പി (സി) നം. 26891/2021- മേൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 2 വിധിന്യായത്തിൽ ഹർജിക്കാരൻ സർക്കാരിൽ സമർപ്പിച്ച Ext.P.8 പുന പരിശോധനാ ഹർജി (പരാമർശം-1), ഹർജിക്കാരനെയും അഞ്ചാം എതിർകക്ഷിയായ സ്കൂൾ മാനേജരെയും കേട്ട് തീർപ്പാക്കാനും ഒന്നാം എതിർകക്ഷിയായ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയുണ്ടായി. അപ്രകാരം ഹർജിക്കാരനെയും മറ്റ് ബന്ധപ്പെട്ടവരെയും 14.03.2022 തീയതി ഗൂഗിൾ മീറ്റ് സംവിധാനം വഴി കേട്ടു.

2. ഹർജിക്കാരന്റെ വാദം ചുവടെ ചേർക്കുന്നു.

" റിവിഷൻ ഹർജിക്കാരന് 01/06/1988 മുതൽ എൽ.പി.എസ്.എ തസ്തികയിൽ അംഗീകൃത സർവീസ് ഉണ്ട്. ടിയാൻ 31/05/2022 ന് അടുത്തൂൺ പറ്റി പിരിയുന്നതാണ്. ടിയാനെ 01/06/2021 മുതൽ പ്രധാനധ്യാപകനായി സ്ഥാനകയറ്റം നൽകി നിയമിച്ചത് നിരസിച്ച ഉത്തരവിനെതിരെയാണ് റിവിഷൻ ഹർജി.

അപ്പ്രൂവ്ഡ് സീനിയോരിറ്റി ലിസ്റ്റ് അനുസരിച്ച് റിവിഷൻ ഹർജിക്കാരൻ സീനിയർ മോസ്റ്റ് അധ്യാപകനാണ്. റിവിഷൻ ഹർജിക്കാരന്റെ പ്രമോഷൻ നിരസിച്ച നടപടി നിയമപരമായി

നിലനിൽക്കുന്നതല്ല. മാനേജരുടെ നിയമനാംഗീകാരം ഒരു അധ്യാപകന്റെ പ്രമോഷൻ കാര്യത്തിൽ ബാധകമാക്കേണ്ടതില്ല. യൂസർ ഐഡി, പാസ് വേർഡ് എന്നിവ നിയമനാംഗീകാരം ഇല്ലാത്ത മാനേജർക്ക് ഒഴികെ മറ്റെല്ലാ മാനേജർക്കും ഇതിനകം ലഭ്യമാക്കിയിട്ടുണ്ടെന്ന കാര്യം ഈ കേസിൽ പ്രസക്തമല്ല. നിയമനാംഗീകാരത്തോടുകൂടിയുള്ള മാനേജർ ഇല്ലെങ്കിലും പ്രമോഷന്റെ കാര്യത്തിലായാലും നിയമനാംഗീകാരത്തിന്റെ കാര്യത്തിലാണെങ്കിലും നിരസിക്കാൻ പാടില്ലാത്തതാകുന്നു.

ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവിൻ പ്രകാരം നിയമനാംഗീകാര പ്രൊപ്പോസൽ സമർപ്പിക്കുവാൻ അനുവാദം തരണമെന്ന് കാണിച്ച് 25/10/2021 ന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അപേക്ഷ സമർപ്പിച്ചത് റിട്ട് പെറ്റീഷനിൽ ഹാജരാക്കിയിട്ടുണ്ട്. ആയതും 01/11/2021 ലെ സീനിയർ സൂപ്രണ്ടിന്റെ ഉത്തരവിൻ പ്രകാരം നിരസിക്കുകയാണ് ഉണ്ടായത്. മാനേജരുടെ നിയമനം അംഗീകരിക്കുന്ന മുറയ്ക്ക് അപേക്ഷ സമന്വയ വഴി സമർപ്പിക്കുവാനാണ് നിർദ്ദേശം. 01/10/2021 ന് ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിവിഷൻ ഹർജിക്കാരന് അയച്ച കത്തിൽ നിയമനാംഗീകാരം ലഭ്യമാകണമെങ്കിൽ ശ്രീമതി. ഉഷയുടെ സ്ഥാനകയറ്റം ലഭ്യമായതിന് ശേഷം പരിഗണിക്കേണ്ടതാണെന്ന് സ്പഷ്ടീകരണം തന്നിട്ടുണ്ട്. ശ്രീമതി. ഉഷ പ്രധാനാധ്യാപികയായി നിയമനാംഗീകാരം ലഭിച്ച് 31/05/2021 ന് സർവീസിൽ നിന്ന് വിരമിച്ചിട്ടുള്ള അധ്യാപികയാകുന്നു. തൃത്താല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടേയും, ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടേയും ഉത്തരവുകളും നിർദ്ദേശങ്ങളും താഴെ പറയുന്ന കാരണങ്ങളാൽ നിലനിൽക്കുന്നതല്ല.

എ) വിദ്യാഭ്യാസ നിയമം അധ്യായം XIV A യിലെ റൂൾ 9 താഴെ പറയും പ്രകാരമാകുന്നു.

"The appointment order shall not be affected by any change in the educational agency or the Manager"

ബി) കൂടാതെ 10/04/2012 ലെ സർക്കുലർ നം. 13402/ജെ2/2012 പ്രകാരം മാനേജ്മെന്റ് തർക്കം നിലവിലുണ്ടെങ്കിലും നിയമനാംഗീകാരം നൽകാവുന്നതാണെന്ന് പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

"The appointment of certain teachers in Aided Schools are pending for approval due to the management dispute, teachers appointed against the sanctioned post are to be approved. It they are otherwise eligible for appointment even if approval of manager is pending due to management dispute. Such managers are to be provisionally approved as managers for the purpose of approving the teachers appointed by them". മുകളിൽ പ്രസ്താവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ റിവിഷൻ ഹർജിക്കാരന് പ്രധാനധ്യാപകനായി നിയമനാംഗീകാരം ലഭ്യമാകേണ്ടതുണ്ട്.

സി). സ്കൂളിലെ പ്രിയ എന്ന അധ്യാപിക കേന്ദ്ര വിദ്യാഭ്യാസ നിയമനം റൂൾ 18(1) അനുശാസിക്കുന്ന ടെസ്റ്റ് ക്വാളിഫിക്കേഷൻ കരസ്ഥമാക്കിയിട്ടുണ്ട് എന്നത് ശരിയാണ്. എന്നാൽ കെ.ഇ.ആർ അനുശാസിക്കുന്ന നിയമ പ്രകാരം സ്കൂളിൽ പ്രധാനധ്യാപക ആകുന്നത് സംബന്ധിച്ച് രണ്ടു വർഷത്തേക്ക് നിയമാനുസൃതം റിലിൻകിഷ്മെന്റ് സമർപ്പിച്ചിട്ടുണ്ട്. ആയത് തൃത്താല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ 01/06/2021 ന് കണ്ട് ബോധ്യപ്പെട്ടിട്ടുള്ളതും കൗണ്ടർ സൈൻ

ചെയ്തിട്ടുള്ളതുമാകുന്നു. ഇക്കാര്യം തൃത്താല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സർക്കാറിലേക്ക് 28/1/2022 ന് സമർപ്പിച്ച കത്തിൽ സപ്രസ് ചെയ്യുവാനുള്ള കാരണം അവ്യക്തമാണ്.

ഡി) ഇക്കാര്യത്തിൽ ബഹു. കേരള ഹൈക്കോടതി മാനേജ്മെന്റ് തർക്കത്തെ സംബന്ധിച്ച് വിധി പ്രസ്താവിച്ചത് (2006(3) കെ.എൽ.ടി-എസ്.എൻ.60). ഇക്കാര്യത്തിൽ പ്രസക്തമാണ്. "Non appointment of managers is not a reason to deny to the post of Head Mistress of the school (Sathyanandan V/s State of Kerala).

ഇ) റിവിഷൻ ഹർജിക്കാരന്റെ സ്കൂളിൽ ടെസ്റ്റ് ക്വാളിഫൈഡായ ശ്രീമതി. പ്രിയ യു.പി റിലിൻക്വിഷ്മെന്റ് നൽകുകയും ആയത് നിയമാനുസൃതം കൗണ്ടർ സൈൻ ചെയ്യുകയും ചെയ്ത സാഹചര്യത്തിൽ സ്കൂളിലെ സീനിയർ മോസ്റ്റ് അധ്യാപകനും 50 വയസ്സ് കഴിഞ്ഞ ആളുമായ ഹർജിക്കാരന് നിയമനാംഗീകാരം നൽകുന്നത് നിയമാനുസൃതമാകുന്നു.

എഫ്) 06/12/2021 ലെ ബി3/349/2021-ാം നമ്പർ പ്രിൻസിപ്പൽ സെക്രട്ടറിയുടെ കത്തിന്റെ അടിസ്ഥാനത്തിൽ 10/01/2022 ന് ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാകുന്നു. മാനേജ്മെന്റ് തർക്കം പ്രധാനാധ്യാപക നിയമനത്തെ ബാധിക്കില്ലെന്നും ശ്രീമതി. ഉഷയുടെ നിയമനം അംഗീകരിച്ചതിനാലും റിവിഷൻ ഹർജിക്കാരന്റെ പ്രധാനാധ്യാപക നിയമനം പരിഗണിക്കപ്പെടേണ്ടതാണെന്നും നിർദ്ദേശിച്ച് ഉത്തരവായിട്ടുള്ളതാകുന്നു.

മേൽ സൂചിപ്പിച്ച വസ്തുതകളുടെയും യാഥാർത്ഥ്യങ്ങളുടെയും നിയമങ്ങളുടെയും അടിസ്ഥാനത്തിൽ റിവിഷൻ ഹർജിക്കാരന്റെ പ്രധാനാധ്യാപകനായുള്ള നിയമനം 01/06/2021 മുതൽ അംഗീകരിച്ച് ഉത്തരവാകണമെന്ന് ഇതിനാൽ അപേക്ഷിക്കുന്നു."

3. ഇക്കാര്യത്തിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവർ സമർപ്പിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ശ്രീ. എം.കെ.വിജയകുമാർ, ഉമ്മത്തൂർ എ.ജെ.ബി സ്കൂളിൽ എൽ.പി.എസ്.ടി ആയി റഗുലർ സർവീസിൽ പ്രവേശിച്ചത് 01/06/1998 ലാണ്. ടി സ്കൂളിലെ പ്രധാനാധ്യാപികയായിരുന്ന ശ്രീമതി. പി.വി.ഉഷ 31/05/2021 നു സർവീസിൽ നിന്നും വിരമിച്ചതിനെ തുടർന്ന് ഈ സ്കൂളിലെ സീനിയർ മോസ്റ്റ് അധ്യാപകനായ ശ്രീ.എം.കെ.വിജയകുമാറിനെ 01/06/2021 മുതൽ പ്രധാനാധ്യാപകനായി നിയമിച്ചത് അംഗീകരിക്കുന്നതിന് മാനേജർ (Acting Manager) മാനുവലായി സമർപ്പിച്ച പ്രൊപ്പോസൽ താഴെ പറയുന്ന കാരണങ്ങളാൽ തൃത്താല ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ സ്കൂൾ മാനേജർക്ക് തിരിച്ച് നൽകുകയാണ് ചെയ്തിരുന്നത്.

1. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എച്ച്2/19500/2019/ഡിജിഇ തീയതി 14/06/2019 നമ്പർ പരിപത്രത്തിലെ നിർദ്ദേശാനുസരണം, 01/06/2019 മുതലുള്ള നിയമനം അംഗീകരിച്ച് ലഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ സമർപ്പിക്കേണ്ടത് സമന്വയ എന്ന ഓൺലൈൻ പോർട്ടൽ വഴിയാണ്. ഇതിനായുള്ള യൂസർ ഐ.ഡി, പാസ് വേഡ് എന്നിവ നിയമനാംഗീകാരമില്ലാത്ത മാനേജർക്ക് ഒഴികെ മറ്റെല്ലാ മാനേജർക്കും ഇതിനോടകം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ 25/08/2021 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എച്ച്2/6448/2020/ഡി.ജി.ഇ നമ്പർ കത്ത് പ്രകാരം മാനേജരുടെ നിയമനവുമായി തർക്കത്തിലുള്ള കേസുകളിൽ നിയമനാംഗീകാര അപേക്ഷ

മാനേജറുടെ നിയമനം അംഗീകരിക്കുന്ന മുറയ്ക്ക് മാത്രം സമന്വയ മുഖേന പ്രൊപ്പോസൽ സമർപ്പിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുള്ളതിനാൽ മാനേജരുടെ നിയമനം അംഗീകരിക്കുന്ന മുറയ്ക്ക് പ്രൊപ്പോസൽ സമന്വയ മുഖേന സമർപ്പിക്കേണ്ടതിലേക്ക് നിരസിച്ച് നൽകി.

ഇതിനെതിരെ ശ്രീ.എം.കെ.വിജയകുമാർ ബഹു. ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ (സി) നം. 26891/2021 ഫയൽ ചെയ്യുകയും ആയതിന്മേൽ ബഹു. ഹൈക്കോടതിയുടെ 29/11/2021 ലെ വിധിന്യായ പ്രകാരം സർക്കാരിനോട്. 19/11/2021 ന് ശ്രീ.എം.കെ.വിജയകുമാർ സമർപ്പിച്ച റിവിഷൻ പെറ്റിഷന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കാൻ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ നിയമന അപേക്ഷ പരിഗണിക്കുന്നതിന് ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 10/01/2022 ലെ ബി4/5729/2021 നമ്പർ കത്ത് പ്രകാരം സമന്വയയിൽ യൂസർ ഐ.ഡി ക്രിയേറ്റ് ചെയ്ത് ശ്രീ. വിജയകുമാറിന്റെ നിയമനാംഗീകാര രേഖകൾ സമന്വയ പോർട്ടലിൽ അപ്ലോഡ് ചെയ്ത് തുടർനടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സമന്വയയിൽ യൂസർ ഐ.ഡി ക്രിയേറ്റ് ചെയ്ത് ശ്രീ.എം.കെ.വിജയകുമാറിന്റെ നിയമനാംഗീകാര രേഖകൾ അപ്ലോഡ് ചെയ്തിരുന്നു. എന്നാൽ ശ്രീ.എം.കെ വിജയകുമാർ, പ്രധാനാധ്യാപക നിയമനത്തിന് ആവശ്യമായ 12 വർഷത്തെ സർവീസ് പൂർത്തിയാക്കിയിട്ടുള്ളതും, 50 വയസ്സ് പൂർത്തീകരിച്ചിട്ടുള്ളതുമായ അധ്യാപകനാണ് എങ്കിലും വകുപ്പ്തല യോഗ്യതാ പരീക്ഷ പാസായിട്ടില്ല.

പ്രൈമറി സ്കൂൾ പ്രധാനാധ്യാപക നിയമനത്തിന് 50 വയസ്സ് കഴിഞ്ഞ പ്രധാനാധ്യാപകർക്ക് വകുപ്പ് തല പരീക്ഷ പാസ്സാവുന്നതിൽ നിന്നും ഇളവ് അനുവദിച്ച്കൊണ്ട് സ.ഉ (പി) നം. 19/2020/പൊ.വി.വ, തീയതി 23/1/2020 ഉത്തരവ് പ്രകാരം സർക്കാർ ഭേദഗതി ചെയ്തിട്ടുണ്ടെങ്കിലും, ഈ ഉത്തരവ് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 19/02/2021 ലെ OA No. 441/2021 നമ്പർ ഉത്തരവ് പ്രകാരം താൽക്കാലികമായി മരവിപ്പിച്ചിരുന്നു. ബഹു. അഡ്മിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഈ വിധിന്യായം സർക്കാർ സ്കൂളുകൾക്ക് മാത്രമേ ബാധകമാവുകയുള്ളൂ എന്ന് 08/04/2021-ന് സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്റ്റേ ഉത്തരവ് എയ്ഡഡ് സ്കൂൾ പ്രധാനാധ്യാപക നിയമനങ്ങൾക്ക് ബാധകമല്ല എന്നത് സംബന്ധിച്ച് സർക്കാരിൽ നിന്നും ഉത്തരവുകളൊന്നും ഇത് വരെ ലഭ്യമായിട്ടില്ല എന്ന് കാണുന്നു.

എന്നാൽ 50 വയസ്സ് കഴിഞ്ഞതും ടെസ്റ്റ് യോഗ്യത നേടാത്തതുമായ അധ്യാപകരുടെ സ്ഥാനക്കയറ്റം ബഹു. സുപ്രീം കോടതിയുടെ പരിഗണനയിലായതിനാൽ ഈ വിഷയത്തിൽ തീരുമാനം കൈക്കൊള്ളാൻ കഴിയില്ലെന്ന് കാണിച്ച് കൊണ്ട് സമാനമായ കേസ് പൊതുവിദ്യാഭ്യാസ ഡയറക്ടർ നിരസിച്ച് കൊണ്ട് ഉത്തരവാകുകയാണ് ചെയ്തിട്ടുള്ളത്. 2009 ലെ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന വിദ്യാഭ്യാസ അവകാശ ചട്ടങ്ങൾ 2011-ൽ രൂപവൽക്കരിച്ചിരുന്നു. പ്രസ്തുത ചട്ടങ്ങൾ സർക്കാർ എയ്ഡഡ് പ്രൈമറി മേഖലകളിലേക്ക് ഒരു പോലെ ബാധകമാണ്. അതിലെ ചട്ടം 18(1) പ്രധാനാധ്യാപക നിയമനത്തിന് വേണ്ടതായ യോഗ്യത വിവരിക്കുന്നു. ഈ ചട്ടങ്ങൾ നിലവിൽ വരുന്ന വേളയിൽ 50 വയസ്സ് പൂർത്തിയാക്കിയ അധ്യാപകർക്ക് ടെസ്റ്റ് യോഗ്യത ഇല്ലെങ്കിൽ കൂടി പ്രധാനാധ്യാപക നിയമനത്തിൽ സ്ഥിരമായി ഇളവ് അനുവദിക്കപ്പെട്ടിരുന്ന സാഹചര്യം നിലവിലുണ്ടായിരുന്നു. എന്നാൽ ചട്ടം രൂപീകരിച്ചപ്പോൾ ഈ ഇളവ് സംബന്ധമായ വ്യവസ്ഥ അവയിൽ ഉൾപ്പെടുത്തിയിരുന്നില്ല. പിന്നീട് സ.ഉ (പി) 1/2021/പൊ.വി.വ തീയതി 05/01/2021 ലെ ഉത്തരവ്

പ്രകാരം ചട്ടം 18(1) ന്റെ ഉചിതമായ ഭേദഗതി വരുത്തി 50 കഴിഞ്ഞവർ ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് പാസ്സാകുന്നതിൽ നിന്നും സ്ഥിരമായി ഒഴിവാക്കപ്പെട്ടിട്ടുണ്ടെങ്കിലും പ്രസ്തുത ഭേദഗതിയെ ചോദ്യം ചെയ്തു ഫയൽ ചെയ്യപ്പെട്ട കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ സ്റ്റാറ്റസ് കോ നിലനിർത്താൻ ഉത്തരവിട്ടിരിക്കുകയാണ്. ഇതോട് കൂടി 50 വയസ്സ് പൂർത്തിയാക്കിയ അധ്യാപകർക്ക് ടെസ്റ്റ് ഇളവ് അനുവദിക്കുന്നതിന് നിർവാഹമില്ലാത്ത സാഹചര്യമാണെന്നും ആയതിനു വിപരീതമായി ഇളവ് അനുവദിക്കുകയാണെങ്കിൽ ആയത് കോടതീയലക്ഷ്യമാവുന്നതാണെന്നും പരാമർശിച്ച് സർക്കാരും സമാനമായ അപ്പീൽ അപേക്ഷ നിരസിക്കുകയാണ് ചെയ്തിട്ടുള്ളത്. സർക്കാരും പൊതുവിദ്യാഭ്യാസ ഡയറക്ടറും നിരസിച്ചിട്ടുള്ളത് പ്രധാനാധ്യാപക സ്ഥാനക്കയറ്റം സംബന്ധിച്ച റിവിഷൻ അപ്പീലുകൾ തന്നെയാണ്.

കൂടാതെ 07/2019-ൽ ടെസ്റ്റ് യോഗ്യത നേടിയതും പൂർണ്ണ യോഗ്യതയുള്ളതുമായ ഒരു അധ്യാപിക (ശ്രീമതി. യു.പി.പ്രിയ, എൽ.പി.എസ്.ടി) ഇതേ മാനേജ്മെന്റിന് കീഴിലുണ്ട് എന്ന് അറിയിക്കുന്നു. മുൻ ഫയലുകൾ പരിശോധിച്ചതിൽ നിന്നും ടി അധ്യാപികയുടെ പ്രധാനാധ്യാപക തസ്തികയിലെ നിയമനം പരിത്യാഗം ചെയ്യുന്നതിനുള്ള അപേക്ഷയൊന്നും ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ ലഭിച്ചിട്ടില്ല എന്നും പ്രധാനാധ്യാപക സ്ഥാനക്കയറ്റം പരിത്യാഗം ചെയ്യുന്നതിനായിട്ടുള്ള അപേക്ഷ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും അംഗീകരിച്ച് നൽകുന്ന സാഹചര്യത്തിൽ സ്ഥാനക്കയറ്റ പരിത്യാഗപത്രം അംഗീകരിച്ച് കൊണ്ട് കൃത്യമായ രേഖപ്പെടുത്തലുകൾ, ടി രേഖയിൽ നടത്തിയും ബന്ധപ്പെട്ട അധ്യാപകന്റെ സേവനപുസ്തകത്തിൽ ഇത് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുകയും ചെയ്യാറുണ്ട്.ഈ നടപടിക്രമം പാലിച്ച്കൊണ്ടാണ് സ്ഥാനക്കയറ്റ പരിത്യാഗം പത്രം അംഗീകരിച്ച് നൽകാറുള്ളത്. അത്തരത്തിലുള്ള ഒരു നടപടിയും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നടന്നതായി കാണുന്നില്ല എന്നും ബോധിപ്പിക്കുന്നു."

4. സർക്കാർ ഇക്കാര്യം ഹിയറിങ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. സ.ഉ (പി) 1/2021/പൊ.വി.വ തീയതി 05/01/2021 ലെ ഉത്തരവ് പ്രകാരം ചട്ടം 18(1) ന്റെ ഉചിതമായ ഭേദഗതി വരുത്തി 50 കഴിഞ്ഞവർ ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് പാസ്സാകുന്നതിൽ നിന്നും സ്ഥിരമായി ഒഴിവാക്കപ്പെട്ടിട്ടുണ്ടെങ്കിലും പ്രസ്തുത ഭേദഗതിയെ ചോദ്യം ചെയ്തു ഫയൽ ചെയ്യപ്പെട്ട കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ സ്റ്റാറ്റസ് കോ നിലനിർത്താൻ ഉത്തരവിട്ടിരിക്കുകയാണ്. കൂടാതെ 07/2019-ൽ ടെസ്റ്റ് യോഗ്യത നേടിയതും പൂർണ്ണ യോഗ്യതയുള്ളതുമായ ഒരു അധ്യാപിക (ശ്രീമതി. യു.പി.പ്രിയ, എൽ.പി.എസ്.ടി) ഇതേ മാനേജ്മെന്റിന് കീഴിലുണ്ട്. ടി അധ്യാപികയുടെ പ്രധാനാധ്യാപക തസ്തികയിലെ നിയമനം പരിത്യാഗം ചെയ്യുന്നതിനുള്ള അപേക്ഷയൊന്നും ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ ലഭിച്ചിട്ടില്ല എന്ന് വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ടുകളിൽ കാണുന്നു. എന്നാൽ ഹാജരാക്കപ്പെട്ട രേഖകളിൽ വിദ്യാഭ്യാസ ഓഫീസർ ഒപ്പുവച്ചതായ ഒരു പരിത്യാഗപത്രം കാണപ്പെടുന്നു. പരസ്പരവിരുദ്ധമായ ഈ സാഹചര്യം കൂടുതൽ അന്വേഷണം അർഹിക്കുന്നതാണ്. എന്നിരുന്നാലും, കെ.ഇ. ആർ അദ്ധ്യായം 14എ ചട്ടം 44(1) ന്റെ ചുവടെയുള്ള പ്രൊവൈസോ സീനിയർ അദ്ധ്യാപകന്റെ പരിത്യാഗം വാങ്ങുന്ന വ്യവസ്ഥകൾ ഉൾക്കൊള്ളുന്നതാകുകയും, ഇവിടെ പരിത്യാഗപത്രം നൽകിയിരിക്കുന്നത് ജൂണിയറായിരിക്കുകയും ചെയ്യുന്നതിനാൽ ആയത് ചട്ടപ്രകാരമുള്ള പരിത്യാഗപത്രമായി കണക്കിലെടുക്കാനാകില്ല. മാത്രമല്ല, പ്രസ്തുത ജൂണിയറിന് പരിത്യജിക്കാനായി ഒരു അവകാശം നിയമന ഉത്തരവ് നൽകിക്കൊണ്ട് മാനേജർ

അനുവദിച്ചിട്ടുമില്ല. മേൽ സാഹചര്യത്തിൽ ഹർജിക്കാരനായ പാലക്കാട് ഉമ്മത്തൂർ എ ജെ ബി സ്കൂളിലെ പ്രഥമാദ്ധ്യാപകൻ ശ്രീ. വിജയകുമാർ. എം. കെയുടെ ആവശ്യം അനുവദിക്കുന്നത് കോടതി അലക്ഷ്യമാകുമെന്നതിനാൽ ടിയാൻ സർക്കാരിൽ സമർപ്പിച്ച പരാമർശം 1 പുന പരിശോധനാ ഹർജി(Ext.P.8) നിരസിച്ച് തീർപ്പാക്കി അപ്രകാരം ബഹു. ഹൈക്കോടതിയുടെ പരാമർശം 2 വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖകത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം, പാലക്കാട് ജില്ല.
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തൃത്താല, പാലക്കാട് ജില്ല.
മാനേജർ, എ ജെ ബി സ്കൂൾ, ഉമ്മത്തൂർ, കുമ്പിടി, പാലക്കാട്.
ശ്രീ. വിജയകുമാർ. എം. കെ, പ്രഥമാദ്ധ്യാപകൻ,
എ ജെ ബി സ്കൂൾ, ഉമ്മത്തൂർ, കുമ്പിടി, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്),
തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
**Signed by Shahna Kumari S L**
**Date: 01-04-2022 10:43:38**
സെക്ഷൻ ഓഫീസർ